(ബി) മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നും പെൻഷൻ പറ്റിയ ജീവനക്കാർക്ക് വീണ്ടും പ്രസ്തുത ആശുപത്രിയിലും സൊസൈറ്റികളിലും ഡെയ്‌ലി വേജസായി നിയമനം നൽകുന്നുണ്ടോ ;

(സി) എങ്കിൽ കാരണം വിശദമാക്കാമോ ;

(ഡി) തൊഴിൽ തേടുന്ന യുവതി യുവാക്കളെ ഈ നടപടി ദോഷകരമായി ബാധിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എസ്.എ.റ്റി. ആശുപത്രിയിലെ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയിൽ ആജീവനാംഗമായി എന്ന കാരണത്താൽ ആർക്കും ജോലി നൽകിയിട്ടില്ല. സൊസൈറ്റി ബൈലായിലും, നോട്ടീസുകളിലും ഇത് വ്യക്തമാക്കിയിട്ടുണ്ട്. ജോലികൾക്ക് ദിവസക്കൂലിയിനത്തിൽ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ നിന്ന് 2 മാസത്തേയ്ക്ക് ജോലി നൽകാറുണ്ട്. ഒരു ജോലിയിലും സ്ഥിരമായി നിയമനം നൽകാൻ വ്യവസ്ഥയില്ല.

(ബി) ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയിലും മെഡിക്കൽ കോളേജ് ആശുപത്രിയിലും ചില ജോലികളിൽ പെൻഷൻ പറ്റിയവരെ നിയമിച്ചിട്ടുണ്ട്.

(സി) ഈ ജോലികൾക്ക് പ്രത്യേക സ്വഭാവമുള്ളതുകൊണ്ടും നിശ്ചിത യോഗ്യതയുള്ളവരുടെ അഭാവം ഉള്ളതുകൊണ്ടും മാത്രമാണ് ഇവരെ നിയോഗിച്ചിരിക്കുന്നത്.

(ഡി) പെൻഷൻ പറ്റിയവരെ പ്രത്യേക സാഹചര്യത്തിൽ വളരെ പരിമിതമായി മാത്രം നിയമിക്കുന്നതുകൊണ്ട് ഇത് തൊഴിൽ നേടുന്ന യുവതീ യുവാക്കളെ കാര്യമായി ബാധിക്കുന്നില്ല.

ഹെൽത്ത് സർവ്വീസസ് മഹിളാ സ്വസ്ത് സംഘ് യൂണിയന്റെ നിവേദനം

190 (3380) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹെൽത്ത് സർവ്വീസ് മഹിളാ സ്വസ്ത് സംഘ് യൂണിയൻ (രജിസ്റ്റർ നമ്പർ കെ. 415) സമർപ്പിച്ചിട്ടുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിലെ ആവശ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(സി) ഇവ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നു എന്ന് അറിയിക്കുമോ ;

(ഡി) എം.എസ്.എസ്-ന്റെ പ്രവർത്തനം പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്കുവേണ്ടി ജനകീയ പങ്കാളിത്തത്തോടുകൂടി മെച്ചപ്പെട്ട രീതിയിലും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനുവേണ്ടിയുള്ളതായതിനാൽ ജനപ്രതിനിധികളേയും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരേയും സംഘടനാ ഭാരവാഹികളേയും ഉൾക്കൊള്ളിച്ചുകൊണ്ട് ചർച്ചയ്ക്ക് സർക്കാർ സന്നദ്ധമാവുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) എം.എസ്.എസ്. പ്രവർത്തകർക്ക് ഫോട്ടോ പതിപ്പിച്ച ഐഡന്റിറ്റി കാർഡ് നൽകുക. പ്രതിമാസ ഓണറേറിയം നൽകണമെന്നും അത് വർദ്ധിപ്പിക്കണമെന്നും, യൂണിഫാറം അനുവദിക്കുക അതിന് സർക്കാർ ഫണ്ട് അനുവദിക്കുക, ജില്ലാതല സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുക, ആരോഗ്യ വകുപ്പിൽ ഒഴിവു വരുന്ന തസ്തികയിൽ നിയമനം ലഭിക്കുന്നതിനും 25% എം.എസ്.എസ്. പ്രവർത്തകർക്ക് സംവരണമേർപ്പെടുത്തണം തുടങ്ങിയ ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്.

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മഹിളാ സ്വസ്ത് സംഘ് യൂണിറ്റംഗങ്ങൾക്ക് ഓണറേറ്റിയം അനുവദിക്കുന്നത് കേന്ദ്ര സർക്കാരാണ്. ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 3220 യൂണിറ്റുകൾക്കുള്ള പ്രതിമാസ ഓണറ്റേറിയം കേന്ദ്രസർക്കാരിൽ നിന്നു ലഭിച്ചിട്ടുണ്ട്. ആയത് പ്രതിമാസം നൂറ് രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. മറ്റു ആവശ്യങ്ങൾ സർക്കാർ പരിശോധിക്കുന്നതാണ്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

മഹിളാ സ്വസ്ത് സംഘം വോളന്റിയർമാർക്ക് പ്രതിമാസ ഓണറേറിയം

191 (3381) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹിളാ സ്വസ്ത് സംഘം വോളന്റിയർമാർക്കും പ്രതിമാസ ഓണറേറിയം നൽകണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ കേന്ദ്രത്തിൽ നിന്ന് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(സി) സന്നദ്ധ സേവകരായ എം.എസ്.എസ്. പ്രവർത്തകർക്ക് യാത്ര ചെലവുകൾക്കും ബന്ധപ്പെട്ട മറ്റ് ചെലവുകൾക്കുമായി പ്രതിമാസ ഓണറേറിയം അനുവദിക്കാൻ എന്തെങ്കിലും നിയമ തടസ്സം ഉണ്ടോ ;

(ഡി) എങ്കിൽ വിശദീകരിക്കുമോ ;

(ഇ) ഇല്ലെങ്കിൽ അവർക്ക് ഓണറേറിയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 3220 എം.എസ്.എസ്. യൂണിറ്റുകൾക്ക് ഓണറേറിയം അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly